**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3306** **26-06-2024 - ൽ മറുപടിയ്ക്ക്**

**നെന്മാറ ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന് സ്കൂൾ ബസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2017-18, 2021-22 വർഷത്തെ എം.എൽ.എ. യുടെ മണ്ഡലം ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് നെന്മാറ ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന് സ്കൂൾ ബസ് വാങ്ങാൻ ഫണ്ട് അനുവദിച്ചുവെങ്കിലും ബസ് വാങ്ങിയിട്ടില്ലായെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | 2017-18, 2021-22 വർഷത്തെ എം.എൽ.എ. യുടെ നിയോജകമണ്ഡലം ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് നെന്മാറ ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന് സ്കൂൾ ബസ് വാങ്ങുന്നതിന് 28.07.2019 തീയതിയിലെ സ.ഉ.(സാധാ) നം.3071/2019/ പൊ.വി.വ പ്രകാരം 18,56,842/- രൂപ അനുവദിച്ചിരുന്നു. എന്നാൽ ബസിന്റെ മോഡൽ (ഭാരത് സ്റ്റാൻഡേർഡ് BS4 ൽ നിന്നും BS6ലേക്ക് മാറി) വ്യത്യാസം വന്നതിനെത്തുടർന്ന് വിലയിൽ വ്യത്യാസം ഉണ്ടാവുകയും ടി സാഹചര്യത്തിൽ അന്ന് ലഭിച്ച തുക വിനിയോഗിക്കാൻ കഴിയാതെ സറണ്ടർ ചെയ്യുകയും ചെയ്തിരുന്നു . അധിക വേണ്ട 8,02,783/- രൂപയുടെ പുതുക്കിയ ഭരണാനുമതി പാലക്കാട് ജില്ലാ ജില്ലാ കളക്ടർ പുറപ്പെടുവിച്ചിരുന്നു.<br><br>ആയതിന്റെ അടിസ്ഥാനത്തിൽ 2021 - 22 വർഷത്തെ നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി 30.05.2022 - ലെ സർക്കാർ ഉത്തരവ് (സാധാ) 3265/2022/പൊ.വി.വ പ്രകാരം ടി തുക അനുവദിച്ച് ഉത്തരവായി. എന്നാൽ സറണ്ടർ ചെയ്ത തുക തിരികെ ലഭ്യമാകാതിരുന്നതിനാൽ GeM പോർട്ടലിൽ ബസ് ഓർഡർ ചെയ്യാൻ കഴിയാതെ വന്നു. |
| (ബി) | 2017-18, 2021-22 വർഷത്തിലായി അനുവദിച്ച ഫണ്ട് ഉപയോഗിച്ച് അടിയന്തരമായി സ്കൂൾ ബസ് അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; ഇതിനായി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കുമോ? | (ബി) | ആദ്യം ഭരണാനുമതി നൽകിയ തുകയായ 18,56,842/- യും അധികമായി ആവശ്യം വന്ന 8,02,783/- രൂപയും ചേർത്തുള്ള 26,59,625/- രൂപയുടെ പുതുക്കിയ ഭരണാനുമതി ഉത്തരവ് സർക്കാരിൽ ലഭ്യമായിരുന്നു .<br><br>ടി തുക അനുവദിക്കുന്ന വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ